പ്രമോഷൻ.

*1128. [56] ശ്രീ. കെ ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഹരിജൻ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അണ്ടർഗ്രാഡുവേറ്റുകളുടെ പരീക്ഷയെ പരിഗണിക്കാതെ സർവ്വീസിനെ പരിഗണിച്ച് പ്രമോഷനും മറ്റും നൽകുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

യോഗ്യതയ്ക്ക് അനുസരിച്ചുള്ള വിവിധ പ്രോത്സാഹനങ്ങളും ഹരിജൻ ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്നുണ്ട്. സർവ്വീസ് നെമാത്രം പരിഗണിച്ച് പ്രമോഷൻ കൊടുക്കുവാൻ സാദ്ധ്യമല്ല.

തിരിച്ചെടുക്കപ്പെട്ട ഭൂമികൾ.

*1129. [57] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിവിഷനിൽ എസ്റ്റേറ്റുകളിൽനിന്നും മലപ്രദേശങ്ങളിൽനിന്നും ഭൂമി ഗവണ്മെന്റ് തിരിച്ചെടുത്തിട്ടുണ്ടോ; എവിടെയെല്ലാം; ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം;

(ബി) ഈ സ്ഥലങ്ങൾ കാളനൈസേഷൻ ആൻഡ് സെറ്റിൽമെന്റ് സ്കീമുകൾക്കായി തിരിച്ചുകൊടുക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) കൊല്ലം ഡിവിഷനിൽനിന്നും കൃഷിക്കു കൊടുത്തിട്ടുള്ള വനംഭൂമി തിരിച്ചെടുത്തിട്ടില്ല. എന്നാൽ കൊല്ലം താലൂക്കിൽ മീനാട് പകുതിയിൽ 36 ഏക്കർ സ്ഥലം കാളനൈസേഷൻ പദ്ധതിക്കായി വിട്ടുകൊടുത്തിട്ടുണ്ട്. കൂടാതെ പത്തനാപുരം വില്ലേജിൽ മലയാളം പ്ലാന്റേഷന്റെ കൈവശമിരുന്ന 1 ഏക്കർ 84 സെന്റ് സ്ഥലം തെന്മല പ്രൈമറി സ്കൂളിന്റെയും തെന്മല ഡിപ്പോയുടെയും ആവശ്യങ്ങൾക്കായി തിരിച്ചെടുത്തിട്ടുണ്ട്.

(ബി) മൂന്നുത്തരത്തിന്റെ വെളിച്ചത്തിൽ പ്രത്യേകം ഉത്തരം ആവശ്യമില്ല.

എം. എൽ. എ. മാരുടെ നിവേദനം.

*1130. [58] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേശീയോദ്ഗ്രഥന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള അഹരിജൻ സ്ഥാനികളുടെ അവശതാപരിഹാരം ഉന്നയിച്ചുകൊണ്ട് എം. എൽ. എ. മാർ കൊടുത്തുവച്ച് ഒരു നിവേദനം മന്ത്രിസഭയ്ക്കു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടി നിവേദനത്തിൽ അവർ ആവശ്യപ്പെട്ടിട്ടുള്ള സംഗതികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly